# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2794      14/12/2015-ൽ മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വായ്പാ കുടിശ്ശിക തിരിച്ചടവ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. രാധാകൃഷ്ണൻ** എം.എൽ.എ.<br>**ശ്രീ. കെ.വി. വിജയദാസ്** എം.എൽ.എ.<br>**ശ്രീ. എസ്. രാജേന്ദ്രൻ** എം.എൽ.എ.<br>**ശ്രീ. കെ.കുഞ്ഞിരാമൻ** എം.എൽ.എ. | **ശ്രീ. എ.പി. അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വരെ വായ്പാ കുടിശ്ശിക തിരിച്ചടവിൽ നിന്നൊഴിവാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | എ) പട്ടികജാതി വിഭാഗക്കാർ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും എടുത്തിട്ടുള്ള 31-03-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതുമായ 25,000/- രൂപയിൽ താഴെയുള്ള വായ്പാ കുടിശ്ശിക 12-11-2009-ലെ സ. ഉ (പി) നം.100/09/ പജപവവിവ പ്രകാരം എഴുതി തള്ളുന്നതിന് ഉത്തരവായിട്ടുണ്ട്.<br><br>ഈ സർക്കാർ പ്രസ്തുത ഉത്തരവിന്റെ കാലാവധി പലഘട്ടങ്ങളിലായി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. കൂടാതെ 16-02-2011-ലെ സ: ഉ. സാധ 218/2011/പജപവവിവ പ്രകാരം പട്ടികജാതി വികസന വകുപ്പിൽ നിന്നും വിവിധ ഘട്ടങ്ങളിലായി പലിശരഹിത ഭവന നിർമ്മാണ വായ്പ പലിശരഹിത വ്യവസായ വായ്പ, ഹയർ പർച്ചേഴ്സ് വായ്പ എന്നീയിനങ്ങളിൽ വായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ള 687 ഗുണഭോക്താക്കളുടെ വായ്പാ കുടിശ്ശിക എഴുതിതള്ളി ഉത്തരവായിട്ടുണ്ട്.<br><br>10-12-2013-ലെ സ.ഉ.(പി)നം.99/2013/പജപവവിവ പ്രകാരം സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യവകുപ്പ്, സഹകരണ സ്ഥാപനങ്ങൾ, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് എന്നിവയിൽ നിന്നും എടുത്തി ട്ടുള്ളതും 31-03-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ 50,000/- രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളി ഉത്തരവായിട്ടുണ്ട്. |

(. . . 2)

കൈത്തറി ആന്റ് ടെക്സ്റ്റൈൽസിൽ നിന്നു വായ്പയെടുത്ത കുടിശ്ശികയായ 21 പട്ടികജാതി ഗുണഭോക്താക്കളുടെ വായ്പാ കുടിശ്ശിക. 28-03-2012-ലെ സ: ഉ. (സാധ) 562/2012/ പജപവവിവ പ്രകാരം എഴുതിത്തള്ളി ഉത്തരവായിട്ടുണ്ട്. കൂടാതെ പട്ടികജാതി/ പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും വായ്പ എടുത്തശേഷം മരണപ്പെട്ട ഗുണഭോക്താക്കളുടെ അനന്തരാവകാശികൾ നിർദ്ധനരാണെങ്കിൽ തിരിച്ചടയ്ക്കാനുള്ള തുകയിൽ പലിശയും പിഴപ്പലിശയും പൂർണ്ണമായും 25,000/- രൂപ മുതലും ഒഴിവാക്കി വായ്പാ തുക തിരിച്ചടയ്ക്കുന്നതിന് അനുമതി നൽകി 31-03-2012-ലെ സ:ഉ(കൈ)54/12/ പജപവവിവ പ്രകാരം ഉത്തരവായിട്ടുണ്ട്.

പട്ടികജാതി വിഭാഗക്കാർ സംസ്ഥാന പട്ടികജാതി വികസന കോർപ്പറേഷനിൽ നിന്നും എടുത്തിട്ടുള്ളതും 31-03-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ വാഹനവായ്പ പദ്ധതി, അംബേദ്ക്കർ ഭവന നിർമ്മാണ പദ്ധതി (ARHS) ഇൻകം ജനറേഷൻ ലിങ്ക്ഡ് അംബേദ്ക്കർ ഭവന നിർമ്മാണ പദ്ധതി (IGLHS) പുതിയ അംബേദ്ക്കർ ഭവന നിർമ്മാണ പദ്ധതി (NHRHS) എന്നിവ പ്രകാരം കുടിശ്ശികയായ മുതലും പലിശയും ഉൾപ്പെടെ 1233.66 ലക്ഷം രൂപ (മുതൽ 547.16 ലക്ഷം രൂപ, പലിശ 686.50 ലക്ഷം രൂപ) സ.ഉ.(സാധാ) 74/14/പജപവവിവ തീയതി 16-10-2014 പ്രകാരം എഴുതിതള്ളി സർക്കാർ ഉത്തരവാകുകയും ടി തുക സംസ്ഥാന പട്ടികജാതി വികസന കോർപ്പറേഷന് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

ഇതു കൂടാതെ 30-03-2015 -ലെ സ. ഉ (പി) നം. 24/2015/പജപവവിവ പ്രകാരം സർക്കാരിന്റെ മിഷൻ 676-ന്റെ ഭാഗമായി പട്ടികജാതി വിഭാഗ ത്തിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങൾ പട്ടികജാതി / പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31-03-2010-ൽ കാലാവധി കഴിഞ്ഞ് കുടിശ്ശിക യായിട്ടുള്ളതുമായ വായ്പകളുടെ ഒരു ലക്ഷം രൂപവരെയുള്ള ബാദ്ധ്യത എഴുതിത്തള്ളുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(...3)

| | |
|---|---|
| ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വരെ എല്ലാ ധനകാര്യസ്ഥാപനങ്ങളിലെയും വായ്പാ കുടിശ്ശിക പൂർണ്ണമായും തിരിച്ചടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | ബി) & സി) ഇപ്പോൾ പരിഗണനയിലില്ല. |
| സി) ഇതു സംബന്ധിച്ച എന്തെങ്കിലും നടപടികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | |

Sabin KJ
സെക്ഷൻ ഓഫീസർ